


വിശ്വാസ് സംഘടിപ്പിച്ച മുൻ ഐജി വി.എൻ.രാജൻ അനുസ്മരണത്തിൽ അദ്ദേഹത്തിന്റെ ചിത്രം ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ അനാഛാദനം ചെയ്യുന്നു. ജില്ലാ പൊലീസ് മേധാവി ആർ.വിശ്വനാഥ് സമീപം.

# ഇരകളുടെ ശബ്ദമായിരുന്നു ഐജി വി.എൻ.രാജൻ: ജസ്റ്റിസ് ചേറ്റൂർ

പാലക്കാട് • കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ ശബ്ദമായിരുന്നു അന്തരിച്ച മുൻ ഇൻസ്പെക്ടർ ജനറൽ വി.എൻ.രാജനെന്നു ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ. കുറ്റകൃത്യങ്ങൾക്കു ഇരയാകുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് സംഘടന നടത്തിയ മുൻ ഐജി വി.എൻ.രാജൻ അനുസ്മരണത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇരകൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്കാവശ്യമായ സഹായം ചെയ്യാനും നഷ്ടപരിഹാരം വാങ്ങി നൽകാനും ഉൾപ്പെടെ രാജന്റെ പ്രവൃത്തികൾ കേരള പൊലീസ് മാതൃകയാക്കണം.

പൊലീസ് വകുപ്പിലെ ഗവേഷകൻ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ പിന്നീട് നിയമമായി.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ മാനസികാവസ്ഥയും അവരെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും പഠന വിഷയമാക്കിയ ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹമെന്നും ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ പറഞ്ഞു. ജില്ലാ കലക്ടറും വിശ്വാസിന്റെ പ്രസിഡന്റുമായ മൃൺമയി ജോഷി ശശാങ്ക് അധ്യക്ഷയായി. ജില്ലാ പൊലീസ് മേധാവി ആർ.വിശ്വനാഥ് ലോഗോ പ്രകാശനം ചെയ്തു. വി.എൻ.രാജന്റെ മകൻ സുധീർ രാജ് വിശ്വാസിന്റെ വി.എൻ.രാജൻ വിക്റ്റിമോളജി ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ സംഭാവന ചെയ്തു. കോങ്ങാട് പഞ്ചായത്ത് അധ്യക്ഷൻ ടി.അജിത്ത്, മുൻ എസ്പി കെ.വാരിജാക്ഷൻ, വിശ്വാസ് സെക്രട്ടറി അഡ്വ.പി.പ്രേംനാഥ്, പ്രസിഡന്റ് ബി.ജയരാജൻ, കെ.പി.രാജി, എം.ദേവദാസൻ, കീർത്തന പ്രേം, മാളവിക ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.

വിശ്വാസിന്റെ നേതൃത്വത്തിൽ നടന്ന അനുസ്മരണത്തിൽ ഐജിയുടെ ഫോട്ടോ അനാച്ഛാദനം ചെയ്തു

മനോരമ